# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒരുമനയൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.6)1708/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒരുമനയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.6)1708/2021 തീയ്യതി: 01/06/2022

## തൃശ്ശൂർ ജില്ലയിലെ ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2020 മുതൽ 14-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു. എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 25-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 25-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി പി.വി., ഓഡിറ്റ് ഓഫീസർ
ഷൈനി കൃഷ്ണദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീറ്റ ഡോമിനിക്, ഓഡിറ്റർ
സ്വാലിഹ് സി.പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.പി.മൊയ്തുദ്ധീൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| ഷാഹിബാൻ.വി.സി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| അനുപമ.എ.വി | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിജീഷ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| സന്ധ്യ കെ.ജി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.നിബിൻകൃഷ്ണ | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| മേനാജ് തെറ്റയിൽ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| പത്മം | വി.ഇ.ഒ (മുത്തമ്മാവ് സർക്കിൾ) | 01-04-2020 | 02-02-2021 |
| സ്മിത ഐ വി | വി.ഇ.ഒ (ഒരുമനയൂർ സർക്കിൾ) | 01-04-2020 | 31-03-2021 |
| പ്രത്യുഷ കെ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ദിൽഷ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Swalih C.P (Auditor, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Swalih C.P (Auditor, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.V.Baby (Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Jomon E K (Asst. Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: P.V.Baby (Audit Officer, On 26-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.V.Baby (Audit Officer, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 18-05-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ,ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Swalih C.P (Auditor, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-11-1 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 19-04-2022) | 1-11-2 |
| 13 | വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-05-2022) | 1-11-3 |
| 14 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-4 |
| 15 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-11-5 |

| | | |
|---|---|---|
| | Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | |
| 16 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-6 |
| 17 | വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-11-7 |
| 18 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻടി രേഖപ്പെടുത്തുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-8 |
| 19 | ഇല്ലാത്ത മുൻകൂർ തുക ക്രമീകരിച്ചു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-9 |
| 20 | വാടക ഡിമാന്റ് എൻടി ഒറ്റ തവണ മാത്രം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-10 |
| 21 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-11 |
| 22 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-12 |
| 23 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-13 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-14 |
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-15 |
| 26 | ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: Swalih C.P (Auditor, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-16 |
| 27 | ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-17 |
| 28 | അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-05-2022) | 1-11-18 |
| 29 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുമില്ല.<br>Written By: P.V.Baby (Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-19 |
| 30 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.<br>Written By: Swalih C.P (Auditor, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-05-2022) | 1-11-20 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക | 1-11-21 |

| | | |
|---|---|---|
| | നൽകുമ്പോൾ ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-05-2022) | |
| 32 | തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച പ്രൊജക്ടുകളും Work In Progress ൽ ഉൾപെട്ടിരിക്കുന്നു<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-05-2022) | 1-11-22 |
| 33 | രജിസ്റ്റർ പ്രകാരമുള്ള ഡിമാൻഡ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-23 |
| 34 | മുൻവർഷത്തെ ക്ലോസിങ് ബാലൻസ് തൻവർഷത്തെ ഓപ്പണിങ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-24 |
| 35 | ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: P.V.Baby (Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-25 |
| 36 | രേഖകൾ ഹാജരാക്കിയില്ല.<br>Written By: P.V.Baby (Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-26 |
| 37 | ACR പ്രകാരമുള്ള തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jomon E K (Asst. Audit Officer, On 07-05-2022)<br>Last Updated By: Jomon E K (Asst. Audit Officer, On 07-05-2022) | 1-11-27 |
| 38 | രസീതുകളുടെ പരിപാലനം - അപാകതകൾ.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-05-2022) | 1-12 |
| 39 | രസീത് പ്രകാരം ഈടാക്കിയ തുക പഞ്ചായത്തിൽ അടവാക്കിയില്ല<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-05-2022) | 1-13 |
| 40 | വസ്തു നികുതി അപാകതകൾ<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 18-05-2022) | 1-14 |
| 41 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-05-2022) | 1-14-1 |
| 42 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-05-2022) | 1-14-2 |
| 43 | അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കി.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-14-3 |
| 44 | റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-14-4 |
| 45 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-15 |
| 46 | സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-15-1 |
| 47 | ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം | 1-15-2 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | |
| 48 | റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-15-3 |
| 49 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ്- പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-16 |
| 50 | പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.<br>Written By: Swalih C.P (Auditor, On 29-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-17 |
| 51 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Anita Dominic (Auditor, On 01-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-18 |
| 52 | വൃദ്ധർക്ക് കട്ടിൽ -രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-19 |
| 53 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 01-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-20 |
| 54 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 20-05-2022) | 1-21 |
| 55 | വെള്ളക്കരം അടവാക്കൽ - കുടിശ്ശിക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-22 |
| 56 | എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ- മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല. തുക തടസ്സപ്പെടുത്തുന്നു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-23 |
| 57 | തെരുവു വിളക്ക് പരിപാലനം -തെരുവു വിളക്കുകളുടെ എണ്ണം കൃത്യമായി സൂക്ഷിക്കുന്നില്ല, സർക്കാർ നിർദ്ദേശം പാലിക്കപ്പെന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 03-12-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-24 |
| 58 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Jomon E K (Asst. Audit Officer, On 01-12-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-25 |
| 59 | മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം<br>Written By: Jomon E K (Asst. Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-26 |
| 60 | ലൈഫ് ഭവന പദ്ധതി- മാർഗ്ഗ രേഖാ നിർദ്ധേശങ്ങൾ പാലിക്കണം.<br>Written By: Jomon E K (Asst. Audit Officer, On 02-12-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-27 |

| | | |
|---|---|---|
| 61 | പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു വിവരങ്ങളും പൊതു അപാകതകളും.<br>Written By: P.V.Baby (Audit Officer, On 29-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jomon E K (Asst. Audit Officer, On 30-11-2021)<br>Last Updated By: N Satheesan (Deputy Director, On 01-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 17/03/2020 | 1(1)/20 | 97246372 | 96644192 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24/03/2020 | 1(1)/20 | 98639800 | 96664192 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 15.11.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32,23,763.80 |
| വരവ് | 4,07,08,811 |
| ആകെ | 4,39,32,574.80 |
| ചെലവ് | 4,08,42,071 |
| നീക്കിയിരിപ്പ് | 30,90,503.80 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 8551855 | 8551855 | 8373483 | 178372 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 3915130 | 3915130 | 2989805 | 925325 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5275000 | 5275000 | 5275000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3104778 | 351903 |
| സെൻട്രൽ ഫിനാൻസ് | 0 | 5210673 | 5210673 | 4559832 | 650841 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (Untied) (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ACR പ്രകാരം) | 0 | 2410000 | 2410000 | 1310567 | 1099433 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 48618456 | 107 | 30545734 | 21 | 12 | 76.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 439615 | 439615 | 436158 | 3457 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റിരീയൽ കോസ്റ്റ് | 0 | 10451841 | 10451841 | 10451841 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1491300 | 1067 |
| വിധവാപെൻഷൻ | 10276900 | 7415 |
| വാർദ്ധക്യകാലപെൻഷൻ | 13734700 | 10092 |
| വികലാംഗപെൻഷൻ | 2211300 | 1614 |
| അവിവാഹിത പെൻഷൻ | 468000 | 355 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിഷോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2021 തീയതിയിൽ 2.50 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38655/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിലെ രജിസ്റ്ററുകളും ഫയലുകളും വൗച്ചറുകളും ഏറെക്കുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. തനത് ഫണ്ട്, പ്ലാൻ ഫണ്ട് വൗച്ചറുകളിൽ ഏതാനും വൗച്ചറുകളോടൊപ്പം സാംഖ്യ പേമെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. തനത് ഫണ്ട് ഉലോം കുറവുള്ള പഞ്ചായത്താണ് ഒരുമനയൂർ ഗ്രാമ പഞ്ചായത്ത്. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് വർദ്ധിപ്പിക്കാനുള്ള നൂതന ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികളുടെ നിർവ്വഹണ/ പൂർത്തീകരണ കാലയളവുകളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപെടലുകൾ കാണുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ

കാര്യക്ഷമമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് നടന്ന തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതിന്റെ വിവരം |
|---|---|---|---|
| പെർഫോർ മെൻസ് ഓഡിറ്റ് | 27/7/2021 | ജനുവരി 2021 മുതൽ മാർച്ച് 2021 വരെ | 06.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27/10/2016 | 2011-12 മുതൽ 2015-16 | * |

* റിപ്പോർട്ട് ലഭിച്ച തീയതി പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ,ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11-2 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1342258 | 1328246 | 16987 | 911 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1351685 | 1334695 | 16990 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ |

| | | | | |
|---|---|---|---|---|
| | | | | തുക എടുക്കുന്നു |

## 1-11-3 വസ്തുനികുതി -റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8206 | 9087 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 8849 | 8210 | **0 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11-4 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 904951 | 909487 | 7728 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 908935 | 901207 | 7728 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11-5 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 11703 | 11716 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 11772 | 11707 | 0 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11-6 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 68287 | 446 | 68733 | 67118 | 458 | 67576 | 1085 | | 46 | - | 0 |
| | നോൺ-റെസിഡൻഷ്യൽ | 49540 | 657 | 50197 | 45813 | 588 | 46401 | 411 | | - | - | - |
| | ആകെ | | | 118930 | | | 113977 | 1496 | | 46 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 115595 | | | 114669 | | | | 120571 | 0 | | |
| | | .........+....... = (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/ Levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt . Cess/ Levies...... ലെഡ്ജർ 2020-21) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 114669രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 113977 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 12057 രൂപയാണ്. (വൗച്ചർ.4200228തീ 3.3.2021 )

## 1-11-7 വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential | 308269 | 262079 |

| | | | |
|---|---|---|---|
| | Building | | |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 3197 | 71872 |

## 1-11-8 വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ 56 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-9 ഇല്ലാത്ത മുൻകൂർ തുക ക്രമീകരിച്ചു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. ഇപ്രകാരം ക്രമീകരിച്ച തുക റസിഡൻഷ്യലിൽ നിന്ന് നോൺ റസിഡൻഷ്യലിലേക്ക ജേർണൽ എൻട്രി മുഖേനെ മാറ്റിയിട്ടുള്ള തുകയാണ്. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of | 626 | 7728 |

| | | | | |
|---|---|---|---|---|
| | Revenues -Property Tax On Non-Residential Building | | | |

## 1-11-10 വാടക ഡിമാന്റ് എൻടി ഒറ്റ തവണ മാത്രം

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 6120 | 1.4.20 | 42000242 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-11 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.വാടക ഡിമാന്റ് രജിസ്റ്റർ

5.പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-11-12 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income – Property Tax On Residential Buildings | 630 |
| 280100104-Prior Period Income- Property Tax On Non Residential Buildings | 58 |
| 280200201-Prior Period Income- License Fee | (1625) |
| 280200401-Prior Period Income- Other Income | 21186 |
| 280800301-Prior Period-Opeartion And Maintenance Expenses | 2737 |
| 280800501-Prior Period- Programme Expenses | 3947 |
| 280100101-Prior Period Income – Proffession Tax Institutions/professionals/traders | (41460) |

## 1-11-13 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ,കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-11 പ്രകാരം ആസ്തിമൂല്യം 47961377/- രൂപയാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-15 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 133260 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1502163രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-16 ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-17 ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്

ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-11-18 അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1. Advance To Implementing Officers ഒ ബി, അഡ്വാൻസ്, സി ബി, എന്നിവ എ എഫ് എസ് പ്രകാരമുള്ളതും, രജിസ്റ്റർ പ്രകാരമുള്ളതും താഴെ ചേർക്കുന്നു.

| | എ എഫ് എസ് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| ഒ ബി | 40980 | 14542 |
| അഡ്വാൻസ് | 9040 | 116838 |
| സി ബി | 51380 | 51380 |

2. Advance To Accredited Agencies RP-47 പ്രകാരമുള്ള ചെലവ് 70250/- രൂപ ആണ്. എന്നാൽ രജിസ്റ്ററിൽ രേഖപെടുത്തലുകളില്ല.

3. Advance To KSEB

| | എ എഫ് എസ് പ്രകാരം |
|---|---|
| ഒ ബി | 324995 |
| അഡ്വാൻസ് | 0 |
| സി ബി | 324995 |

എന്നാൽ രജിസ്റ്ററിൽ രേഖപെടുത്തലുകളില്ല.

## 1-11-19 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നമില്ല.

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി 17 450650109 ശീർഷകത്തിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ 43837 രൂപ ബാലൻസ് ഉണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ബി 4 ൽ ആയത് ഉൾപ്പെട്ടിട്ടില്ല.

## 1-11-20 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450430101 | Orumanayoor Service Co-operative Bank-distress Relief | 3676 |

## 1-11-21 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെട്ടത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | PHCയിലേക്ക് സൗരോർജ പ്ലാന്റ് സ്ഥാപിക്കൽ 79/21 | 22000904/ 12.2.2021 | 726000 | 450100101 | 460500206:Advance To Implementing Agencies-ANERT |
| 2 | പൊതുടാപ്പുകൾ വിച്ഛേദിക്കൽ 84/21 | 22000926/ 25.2.2021 | 30000 | 450100101 | 460500201:Advance To Implementing Agencies-Deposit With KWA |
| 3 | മാങ്ങോട്ട് അമ്പലത്താഴം കുടിവെള്ള പദ്ധതി 102/21 | 22000927/ 25.2.2021 | 100000 | 450100101 | 460500201:Advance To Implementing Agencies-Deposit With KWA |
| | | 22000958/ 8.3.2021 | 500000 | 450100101 | |
| 4 | ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ 156/21 | 22000960/ 15.3.2021 | 300000 | 450100101 | 460500201:Advance To Implementing Agencies-Deposit With KWA |

1-11-22 തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച പ്രൊജക്ടുകളും Work In Progress ൽ ഉൾപെട്ടിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച പല പ്രൊജെക്ടുകളും Work In Progress ൽ ഉൾപ്പെട്ടിട്ടുണ്ട്.

ഉദാ :പാലംകടവ് ഓവുപാലം റോഡ് നവീകരണം വാർഡ് 9 (പ്രൊ നം 128)

വില്യംസ് അമ്പലത്താഴം റോഡ് (പ്രൊ നം 121)

1-11-23 രജിസ്റ്റർ പ്രകാരമുള്ള ഡിമാൻഡ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി (ജീവനക്കാർ) രജിസ്റ്റർ പ്രകാരമുള്ള ഡിമാൻഡ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

എ.എഫ്.എസ്. പ്രകാരം : 573890

രജിസ്റ്റർ പ്രകാരം : 575890

1-11-24 മുൻവർഷത്തെ ക്ലോസിങ് ബാലൻസ് തൻവർഷത്തെ ഓപ്പണിങ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

2019-20എ.എഫ്.എസ്. RP 40 B പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിൽ ക്ലോസിങ് ബാലൻസ് ആയി 2591 രൂപ ഉണ്ട്. എന്നാൽ 2020-21എ.എഫ്.എസ്.RP 40 A പ്രകാരം പ്രസ്തുത തുക VPFA I എന്ന അക്കൗണ്ടിൽ ആണ് ഓപ്പണിങ് ബാലൻസ് ആയി വന്നിട്ടുള്ളത്.പ്രസ്തുത അക്കൗണ്ടിന്റെ റീകൗൺസിലിയേഷനും ബാങ്ക് സ്റ്റേറ്റ്മെന്റും പരിശോധനക്ക് ലഭ്യമാക്കിയില്ല.

1-11-25 ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-11-26 രേഖകൾ ഹാജരാക്കിയില്ല.

സാമൂഹ്യക്ഷേമപെൻഷനുകളുടെ വരവ്-ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

1-11-27 ACR പ്രകാരമുള്ള തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ACR പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|

| | | |
|---|---|---|
| 1 | 2989805 | 2964805 |

## 1-12 രസീതുകളുടെ പരിപാലനം - അപാകതകൾ.

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 3926,3929,57478,57480,57485,57486,57487,57488,57489,57490,35443എന്നീ രസീത് ബുക്കുകളിൽ രസീത് കൌണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90 (ബി)യിലെ കുറിപ്പ്

2. 57490,57478,35443എന്നീ രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം ക്യാൻസൽ ചെയ്തിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ 25.2.2020ന ശ്രീ ജിജോയ്ക്ക് നൽകിയ 57478 എന്ന രസീത് ബുക്ക് ഉപയോഗിച്ചിട്ടില്ല. എന്നിരിക്കെ 25.2.2021 ന പ്രസ്തുത ജീവനക്കാരന് 3926എന്ന രസീത് ബുക്ക് നൽകിയിട്ടുണ്ട്. അത് പോലെ കൃഷി ഓഫീസർക്ക് 5.1.2021, 1.2.2021 എന്നീ തീയതികളിൽ യഥാക്രമം 2 (57483,57484), 4 (57485-88) എന്നിങ്ങനെ രസീത് ബുക്കുകൾ നൽകിയിട്ടുണ്ട്.

4. 57490 നമ്പർ രസീത് ബുക്ക് ആർക്കാണ് നൽകിയതെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 23/24.11.2021 ) ലഭ്യമാക്കിയ മറുപടി താഴെ പറയും വിധമാണ്.

1. രസീത് ബുക്കുകൾ കൗണ്ടർ സർട്ടിഫൈ ചെയ്ത് അപാകത പരിഹരിച്ചിട്ടുണ്ട്.
2. ക്യാൻസൽ ചെയ്തിട്ടുണ്ട്.
3. 57478 നമ്പർ രസീത് ബുക്ക് തിരികെ വാങ്ങി25.11.2021ൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 14ൽ ചേർത്തിട്ടുണ്ട്.
4. പ്രസ്തുത രസീത് ബുക്ക് കൃഷി ഓഫീസർക്കാണ് നൽകിയിട്ടുള്ളത്.

രസീതുകളുടെ പരിപാലനത്തിൽ ഉണ്ടായ അപാകതകൾ ഓഡിറ്റിൽ ചൂണ്ടി കാണിക്കുന്നത് കേവലം പരാമർശിച്ചിട്ടുള്ള രസീതുകളിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി മാത്രമല്ല, രസീതുകൾ പരിപാലിക്കുമ്പോൾ സ്ഥാപനം പാലിക്കേണ്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിന കൂടിയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും. രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കേണ്ടതുമാണ്.

## 1-13 രസീത് പ്രകാരം ഈടാക്കിയ തുക പഞ്ചയത്തിൽ അടവാക്കിയില്ല

1.കൃഷി ഓഫീസർ 21.1.2021ൽ താഴെ പറയുന്ന പ്രകാരം ഒരു രസീത് മുഖേനെ 500 രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് ബുക്ക് | രസീത് നമ്പർ | തുക |
|---|---|---|---|
| 1 | 57477 | 61-66 | 3000 |
| 2 | 57483 | 18-100 | 41500 |
| 3 | 57484 | 1-27 | 13500 |
| 4 | 57489 | 27 | 500 |
| ആകെ | | | 58500 |

എന്നാൽ പഞ്ചായത്തിൽ 57500 രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. രസീത് നമ്പർ 23,25/57484 എന്നിവ പ്രകാരം പിരിച്ചിട്ടുള്ള 1000 രൂപ (500*2) പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

2. കൃഷി ഓഫീസർ 30.3.2021ൽ താഴെ പറയുന്ന പ്രകാരം ഒരു രസീത് മുഖേനെ 125 രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് ബുക്ക് | രസീത് നമ്പർ | തുക |
|---|---|---|---|
| 1 | 57489 | 28-100 | 9125 |

| | | | |
|---|---|---|---|
| 2 | 57490 | 1-22 | 2750 |
| ആകെ | | | 11875 |

എന്നാൽ പഞ്ചായത്തിൽ 10937 രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. രസീത് നമ്പർ 8-22/57490 മുഖേനെ 125 രൂപ വീതം പിരിച്ചിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററിൽ 62.5രൂപ വീതം പിരിച്ച എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 23/24.11.2021 ) കൃഷി ഓഫീസർ താഴെ പറയും വിധം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
1. പഞ്ചായത്തിൽ അടവാക്കാത്ത രസീത് നമ്പർ23,25/57484 എന്നീ രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതാണെന്നും ആയത് രസീത് ബുക്കിൽ കാണിക്കാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത രസീതുകളുടെ ഒറിജിനൽ പകർപ്പ് ക്യാൻസൽ ചെയ്ത മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.
2. ക്രമ നമ്പർ 2ൽ പറഞ്ഞിട്ടുള്ള രസീതുകൾ പ്രകാരം 62.5 രൂപയാണ് യഥാർത്ഥത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും രസീത് ബുക്കിൽ തെറ്റായി രേഖപ്പെടുത്തുകയാണ് ഉണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത രസീതുകളുടെ ഒറിജിനൽ പകർപ്പ് തിരുത്തൽ വരുത്തി മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.
മറുപടിയോടൊപ്പം രസീതുകളുടെ കൗണ്ടർ ഫോയിൽ ലഭ്യമല്ലാത്തതിനാൽ മറുപടിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ സത്യാവസ്ഥ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ സാധിക്കുന്നതല്ല. മേല്പറഞ്ഞ രസീതുകളുടെ കൗണ്ടർ ഫോയിൽ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം സമർപ്പിക്കുകയോ അല്ലെങ്കിൽ പ്രസ്തുത രസീതുകൾ മുഖേനെ സ്വീകരിച്ച പഞ്ചായത്തിൽ അടവാക്കാത്ത തുക (1937.5 രൂപ ) പഞ്ചായത്തിൽ അടവാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-14 വസ്തു നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപെട്ടു നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/25.11.21) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്ക് ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ച പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14-1 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 7/211-217 | പി.എ അഹമ്മദുണ്ണി, സബീൽ പാലസ് | A3/1658(1) 10.3.2021 | 1.4.2020-30.9.2020 |
| 2 | 10/150 | മുഹമ്മദ് അലി അമ്പലത്തുവീട്ടിൽ താഴതെയിൽ | A3/1703 15.3.2021 | 1.4.2020-30.9.2020 |
| 3 | 11/135 | അബ്ദുൽ ഖാദർ ഹാജി, പണിക്കവീട്ടിൽ കുറുപ്പത്ത | A5-1486 3.9.2020 | 1.4.2020-30.9.2020 |
| 4 | 11/1 B,C,D | കമറുദ്ധീൻ, പണിക്കവീട്ടിൽ | A5/736(1) | 1.4.2020-30.9.2020 |

| | | | | |
|---|---|---|---|---|
| | | പടിഞ്ഞാറെയിൽ | 2.3.2021 | |
| 5 | 7/211-217 | പി.എ അഹമ്മദുണ്ണി, സബീൽ പാലസ് | A3/421 10.3.2021 | 1.10.2020-31.3.2021 |
| 6 | 10/150 | മുഹമ്മദ് അലി അമ്പലത്തുവീട്ടിൽ താഴതെയിൽ | A3/1703 15.3.2021 | 1.10.2020-31.3.2021 |
| 7 | 11/135 | അബ്ദുൽ ഖാദർ ഹാജി, പണിക്കവീട്ടിൽ കുറുപ്പത്ത | A5-1486(2) 8.3.2021 | 1.10.2020-31.3.2021 |
| 8 | 11/1 B,C,D | കമറുദ്ധീൻ, പണിക്കവീട്ടിൽ പടിഞ്ഞാറെയിൽ | A5/736(2) 9.3.2021 | 1.10.2020-31.3.2021 |

## 1-14-2 കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം

സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 50/- രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും ആണ്. 6,9,10,11 വാർഡുകളിലെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി അടിസ്ഥാന നിരക്ക് 60/- രൂപയായി അല്ല നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നം | കെട്ടിട നം | വിസ്തീർണം (ച:മീറ്റർ) | കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി (വിസ്തീർണംx 60) | സഞ്ചയ പ്രകാരം അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് /വർദ്ധനവ് | സഞ്ചയ പ്രകാരമുള്ള ഡിമാൻഡ് | യഥാർത്ഥത്തിൽ ഡിമാൻഡ് ചെയ്യേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 6/213 | 198 | 11880 | 10 % ഇളവ് | 1114 | 11227 | 10113 |
| 2 | 9/250 | 176 | 10560 | 10 % ഇളവ് 20 % വർദ്ധനവ് | 6684 | 12197 | 5513 |
| 3 | 10/297 | 175 | 10500 | 20 % ഇളവ് 20 % വർദ്ധനവ് | 92 | 11025 | 10933 |
| 4 | 11/126 | 1071 | 64260 | 20 % ഇളവ് 20 % വർദ്ധനവ് | 270 | 67851 | 67581 |
| ആകെ | | | | | | | 94140 |

* ഡിമാൻഡ് = (( അടിസ്ഥാന നികുതി - ഇളവ് ) + വർദ്ധനവ് )+ ലൈബ്രറി സെസ്സ് (5% )

നാളിതുവരെ കുറവായി ഈടാക്കിയ വസ്തുനികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കേണ്ടതാണ്.

## 1-14-3 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കി.

1. സഞ്ചയയിലെ അനധികൃത കെട്ടിട രജിസ്റ്റർ പ്രകാരം 9/134 നമ്പർ കെട്ടിടം (വിസ്തീർണം 156ച:മീ) അനധികൃത കെട്ടിടമാണ്. എന്നാൽ സഞ്ചയയിലെ നികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതം എന്ന് രേഖപ്പെടുത്തി അതിനനുസൃതമായ രീതിയിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ ഉപവകുപ്പ് 1 പ്രകാരമുള്ള മൂന്നിരട്ടി നികുതി ഈടാക്കിയിട്ടില്ല. വിശദശാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|

| | | |
|---|---|---|
| അടിസ്ഥാന നികുതി : | 936 | 2808 |
| എൽ-സി | 94 | 140 |
| ആകെ നികുതി | 1030 | 2498 |

2. പഞ്ചായത്തിൽ പരിപാലിക്കുന്ന അനധികൃത കെട്ടിട രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങളായ പല കെട്ടിടങ്ങളും സഞ്ചയയിൽ നിയമാനുസൃത കെട്ടിടം എന്ന് രേഖപ്പെടുത്തി അതിനനുസൃതമായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതു മൂലം കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ ഉപവകുപ്പ് 1 പ്രകാരമുള്ള തുക വസ്തു നികുതി ആയി ഈടാക്കാൻ സാധിച്ചിട്ടില്ല.ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണം |
|---|---|---|
| 1 | 4/1/UA/1/15 | 69.01 |
| 2 | 5/1/2011 UA | 61.9 |
| 3 | 8/8/UA1/14 | 62 |

ക്രമ നമ്പർ 1ൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിൽ നിന്നും നിയമപ്രകാരമുള്ള നികുതി ഈടാക്കി നാളിതു വരെയുള്ള കുടിശിക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 2ൽ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. പഞ്ചായത്തിൽ പരിപാലിക്കുന്ന അനധികൃത കെട്ടിട നിർമാണ രജിസ്റ്റർ പ്രകാരമുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം സഞ്ചയയിൽ പരിശോധിക്കേണ്ടതും നിയമപ്രകാരമുള്ള വസ്തു നികുതി എല്ലാ കെട്ടിടങ്ങളിൽ നിന്നും ഡിമാൻഡ് ചെയ്തിട്ടുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ സഞ്ചയയിലെ അനധികൃത നിർമാണ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്ന മാന്വൽ രജിസ്റ്ററുമായി ഒത്തു നോക്കി കാലാനുസൃതമായി പരിപാലിക്കേണ്ടതുമാണ്.

## 1-14-4 റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 11/116 A | ഗോപാലകൃഷ്ണൻ , കൊളങ്ങാട്ട് | 120080101247/ 21.12.2020 | 2020-21ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 776 |
| 2 | 10/70 B | ഉമ്മർ, രായമരക്കാർ വീട്ടിൽ | 120080102189/ 10.2.2021 | 2020-21ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 917 |
| 3 | 10/70 C | ഉമ്മർ, രായമരക്കാർ വീട്ടിൽ | 120080102190/ 10.2.2021 | 2020-21ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 911 |
| ആകെ | | | | | 2604 |

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു മൂലം പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപെടുത്തപ്പെടുകയും ആയത് വരുമാന നഷ്ടത്തിന് കാരണമാവുകയും ചെയുന്നു. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംന്ധിച്ച നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/25.11.2021), മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15-1 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | മോഡൽ ക്ലിനിക് | 2020-21ഒന്നാം അർദ്ധവർഷം |
| 2 | പോപ്പുലർ വെഹിക്കിൾസ് & സർവീസ് | 2020-21ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | ജെ കെ മാർബിൾസ് | 2019-20ഒന്നാം അർദ്ധവർഷം<br>2020-21ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് നിയമം 243(2) നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ച് നികുതി ഈടാക്കേണ്ടതാണ്.

## 1-15-2 ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

## 1-15-3 റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ്- പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്ന

ഗ്രാമപഞ്ചായത്തിലെ 10, 12എന്നീ വാർഡുകളിൽ നിന്നും വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി ആയതിനനുസരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം/ ഉടമ | ലൈസൻസ് രജിസ്റ്റർ ക്രമ നം. | കെട്ടിട നമ്പർ |
|---|---|---|---|
| 1 | പലചരക്ക് കച്ചവടം | 59 | 12/133 |
| 2 | ഫോൺ ലാൻഡ് | 68 | 10/131 |
| 3 | വി കെ ഫ്ലോർ മിൽ | 145 | 12/97 |
| 4 | അപ്സര കാറ്ററിംഗ് | 157 | 12/102,103 |
| 5 | നെക്സ്റ്റ് വെഡ്ഡിങ് പ്ലാനർ | 166 | 12/67 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/25.11.21) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തിയോ അല്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമം 205 ബി പ്രകാരം നോട്ടീസ് നൽകിയോ അനധികൃതമായി പ്രവർത്തിക്കുന്നവക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ്

രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതായുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യുപൻസി ഉറപ്പാക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങളിൽ വ്യാപാരങ്ങൾക്കോ വ്യവസായങ്ങൾക്കോ ലൈസൻസ് നൽകാവുന്നതല്ല.

2. ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 173 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 162 സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറിനം.26/25.11.21നുള്ള മറുപടി)

## 1-17 പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

1. പഞ്ചായത്ത് ഡയറക്ടറുടെ സി5-27060/2012 കെ.ഡിസ് തീ.19.10.2012 ഉത്തരവ് പ്രകാരമാണ് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ ബൈലോ അംഗീകരിച്ചിട്ടുള്ളത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നത് രണ്ടു നിരക്കിലാണ്. രാഷ്ട്രീയ സാംസ്കാരിക സംഘടനകൾക്കു പഞ്ചായത്ത് സമിതി നിർണയിച്ച നിരക്കിന്റെ പകുതി നിരക്കിലാണ് ഹാൾ വാടകക്ക് നൽകുന്നത്. പ്രസ്തുത കാര്യം ബൈലോയിൽ പരാമർശിച്ചിട്ടില്ലാത്തതാണ്. കൂടാതെ പകുതി നിരക്കു നിശ്ചയിച്ചു കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ലഭ്യമല്ല

.

2. ബൈലോ യിൽ വാടക നിരക്ക് വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഭേദഗതി ചെയ്യുവാൻ 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പാലിക്കേണ്ടതാണ്. എന്നിരിക്കെ പഞ്ചായത്ത് കമ്മിറ്റിയുടെ 25.6.2019 ലെ തീരുമാന പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ വാടക നിരക്ക് പുനർനിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നടപടി ചട്ടങ്ങൾക്കു വിരുദ്ധമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/25.11.21) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോയിൽ വാടക നിരക്ക് പരാമർശിച്ചിട്ടുള്ളത് കാരണം പഞ്ചായത്ത് കമ്മിറ്റിക്ക് ആയത് വർധിപ്പിക്കാനുള്ള അധികാരം ഇല്ല. താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഇത്തരം സാങ്കേതിക പ്രശ്നങ്ങൾ തടസ്സമാവുന്നത് അപലപനീയമാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. കൂടാതെ ക്രമ നമ്പർ 1 ൽ പറഞ്ഞിട്ടുള്ള അപാകത്തിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-18 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

പോത്തുകുട്ടി വളർത്തൽ - പദ്ധതി നം. 093/21

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

അടങ്കൽ : 160000/-

ചെലവ് : 160000/-
[(80000 (പദ്ധതി വിഹിതം) +80000 (ഗുണഭോക്തൃ വിഹിതം – നേരിട്ട് നൽകിയിട്ടുള്ളത്)]

വൗച്ചർ നം. 22000921/24.02.2021 -32000/-, 22000930/26.02.2021-8000/-,
22001019/26.03.2021/ 24000/-, 22001021 26.03.2021 -16000/-

മേൽപദ്ധതി പ്രകാരം ഒരു പോത്തുകുട്ടിക്ക് 8000 രൂപ വീതം 20 പോത്തുകുട്ടികളുടെ വാങ്ങലാണ് നടന്നിട്ടുള്ളത്. ആയതിന്റെ 50% ഗുണഭോക്തൃ വിഹിതത്തിലാണ് പോത്തുകുട്ടിയെ വില്ക്കുന്നവരുടെ അക്കൗണ്ടിലേക്ക് പകുതി തുക പദ്ധതിവിഹിതവും പകുതി തുക ഗുണവിഹിതം നേരിട്ട് അടവാക്കുന്നതുമാണ്.

1) ശ്രീമതി കൈരളി എം.കെ, ഈ പദ്ധതി പ്രകാരം ജാബിർ കബീറിൽ നിന്ന് ഒരു പോത്തുകുട്ടിയെ വാങ്ങിയിട്ടുണ്ട്. അതേ സമയം, ടിയാരി ഒരു പോത്തുകുട്ടിയെ ശ്രീമതി ബിനി പ്രകാശന് വിൽക്കുകയും ചെയ്തിട്ടുണ്ട്. ഒരു പോത്തുകുട്ടിയെത്തന്നെയാണോ വാങ്ങുകയും വിൽക്കുകയും ചെയ്തിട്ടുള്ളത് എന്നത് ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം. 28/25.11.2021) ചോദ്യം 5ന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

2.പോത്തുകുട്ടികളെ കൈപ്പറ്റിയതിനുശേഷം ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

1. കൈരളി എം.കെ.

2. താഹിറ

3. ബിനി പ്രകാശൻ

ശ്രീമതി ബിനി പ്രകാശൻ ആടിനെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-19 വൃദ്ധർക്ക് കട്ടിൽ -രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ
1) വയോജനങ്ങൾക്ക് കട്ടിൽ നല്കൽ (ജനറൽ)
പദ്ധതി നം. : 087/21
അടങ്കൽ- ₹32690/-
ചെലവ്- ₹32690/-
വൗച്ചർ നം.: 22000923 / തീ.24.02.2021

ഈ പ്രോജക്ടിലെ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ 1) ശ്രീ. ഹനീഫ 2) ശ്രീമതി ബീവാത്തു എന്നിവരുടെ റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകളില്ല. ആയതിനാൽ ഇവരുടെ പ്രായം, പഞ്ചായത്ത് എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വയോജനങ്ങൾക്ക് കട്ടിൽ നല്കൽ (എസ്.സി.)
പദ്ധതി നം. : 052/21
അടങ്കൽ- ₹65250/-
ചെലവ്- ₹62100/-
വൗച്ചർ നം.: 22000878 / തീ.15.02.2021

ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ശ്രീ.മോഹനൻ (വാർഡ് 8) എന്ന വ്യക്തിയുടെ റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പുകളില്ല. ആയതിനാൽ ടി വ്യക്തിയുടെ പ്രായം, പഞ്ചായത്ത്, ജാതി എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മറ്റൊരു ഗുണഭോക്താവായ ശ്രീമതി പ്രേമലതയുടെ ജാതി തെളിയിക്കുന്ന രേഖകളില്ല. ഓഡിറ്റ് എൻക്വയറി (നം.27/25.11.2021) മുഖേന രേഖകൾ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്ന് ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-20 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ വിവരം, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം /പദ്ധതിയുടെ വിവരം | തുക കൈമാറിയ സ്ഥാപനം | ബിൽ നം /തിയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 17/21 ക്യാൻ തൃശ്ശൂർ- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത് | 20/12.11.20 വൗച്ചർ നം -22000659/2.11.20 | 50000 | |
| 1/21 ഐ കെ എം വിഹിതം നൽകൽ | ഐ കെ എം | 16/20.10.20 വൗച്ചർ നം -22000645/22.9.20 | 35000 | |
| 7/21 എസ് എസ് എ വിഹിതം നൽകൽ | ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, എസ് എസ് കെ | 15/20.10.20 വൗച്ചർ നം -22000646/22.9.20 | 39810 | |

വിനിയോഗ സാക്ഷ്യപത്രം രശീതി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നൽകിയ തുകയ്ക്ക് രശീതി ലഭ്യമാക്കാത്തതിനാൽ 59810രൂപ (50000+39810) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഭാഗമായി അനർട്ട്, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതികളൊന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതി നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

I. പി എച്ച് സി യിലേക്ക് സൗരോർജ്ജ പാനൽ സ്ഥാപിക്കൽ

പ്രോജക്ട് നം - 79/21

ബിൽ നം - 31/20-21/17.2.21 തുക 726000 ( വൗച്ചർ നം -22000904/12.2.21)

പി എച്ച് സി യിലേക്ക് സൗരോർജ്ജ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി നടത്തിപ്പിനായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്ന് 1100000രൂപയാണ് വകയിരുത്തിയിരുന്നത്. ടി പ്രവൃത്തി നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കുന്നതിനായി ഡിസ്ട്രിക്ട് എഞ്ചിനീയർ അനർട്ടിനോട് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി 27.10.20 ലെ എ1- 1440/20ാം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടത് പ്രകാരം പി എച്ച് സി കെട്ടിടത്തിന്റെ മേൽക്കൂരയിലും പിഎച്ച് സി ലബോറട്ടറി കെട്ടിടത്തിന്റെ മേൽക്കൂരയിലും 5 KWP ഗ്രിഡ് ബന്ധിത സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭറിപ്പോർട്ട് തയ്യാറാക്കി നൽകുകയും ചെലവിന്റെ വിശദാംശങ്ങൾ / എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

അനർട്ടിന്റെ ഇൻവോയ്സ് നം 27/2020 തിയതി . 21.12.20 പ്രകാരം പി എച്ച് സി കെട്ടിടത്തിന്റെ മേൽക്കൂരയിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് 386500രൂപയും , ഇൻവോയ്സ് നം 4/2020 തിയതി. 11.1.21പ്രകാരം പിഎച്ച് സി ലബോറട്ടറി കെട്ടിടത്തിന്റെ മേൽക്കൂരയിൽ സ്ഥാപിക്കുന്നതിന് 357500 രൂപയുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ മേൽ പ്രകാരം തുക സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

അനർട്ടിന്റെ പഠന റിപ്പോർട്ട് പ്രകാരം പദ്ധതി നിർവ്വഹണം അനർട്ട് തിരഞ്ഞെടുക്കുന്ന ഏതെങ്കിലും എംപാനൽഡ് ഏജൻസികളായിരിക്കും പ്ലാന്റ് സ്ഥാപിക്കുന്നത്. അനർട്ട് വഴി സ്ഥാപിക്കുന്ന നിലയത്തിന് 5 വർഷ വാറണ്ടിയും സോളാർ പാനലുകൾക്ക് 25 വർഷ പെർഫോമൻസ് വാറണ്ടിയും ഉണ്ടായിരിക്കുന്നതാണ് എന്ന് പറയുന്നു. ഡെപ്പോസിറ്റ് വർക്കായി പദ്ധതി നടപ്പിലാക്കുമ്പോൾ ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും അനർട്ട് നിർവ്വഹിക്കുന്നതും അവസാന പരിശോധനയും അനർട്ട് നിർവ്വഹിക്കുന്നതാണെന്ന് പറയുന്നു. എന്നാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അനർട്ടുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല.

അനർട്ടിന്റെ പഠന റിപ്പോർട്ട് പ്രകാരം പ്രൈമറി ഹെൽത്ത് സെന്ററിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് സാധ്യത പഠനം നടത്തിയതിൽ കോളേജ് കെട്ടിടത്തിന്റെ മേൽക്കൂരയിൽ 5 KWP ഗ്രിഡ് ബന്ധിത സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. മേൽ കാര്യത്തിൽ വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് (എൻക്വയറി നം . 20/24.11.21) മറുപടി ലഭ്യമാക്കിയത്, വ്യക്തത വരുത്തുവാൻ അനർട്ടിന് കത്ത് നൽകുന്നതും മറുപടി ലഭ്യമാക്കി അറിയിക്കുന്നതുമാണ് എന്നാണ്. എന്നാൽ നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഫയലിൽ നിന്നും ലഭ്യമല്ല.

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ /പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

II.പൊതുടാപ്പുകൾ വിച്ഛേദിക്കൽ

പ്രോജക്ട് നം - 84/21

ബിൽ നം - 40/20-21/16.3.21 തുക 30000 ( വൗച്ചർ നം -22000926/25.2.21)

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിഛേദിക്കുന്നതിന് കേരള ജല അതോറിറ്റിക്ക് തുക നിക്ഷേപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ 24.2.21ലെ എ7- 5896/2015 വോള്യം 3കത്ത് പ്രകാരം 30000രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുമുണ്ട്. ഈ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രകാരം തുക കൈമാറിയിരിക്കുന്നത്. എന്നാൽ കൈമാറിയ തുകയ്ക്കുള്ള രശീതി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നല്കിയ തുകയ്ക്കുള്ള രശീതി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 30000 രൂപ തടസ്സപ്പെടുത്തുന്നു.

III. മാങ്ങോട്ട് അമ്പലത്താഴം കുടിവെള്ള പദ്ധതി

പ്രോജക്ട് നം - 102/21

ബിൽ നം - 39/20-21/16.3.21 തുക 100000 ( വൗച്ചർ നം -22000927/25.2.21)

വൗച്ചർ നം - 22000958/8.3.21 തുക 500000

എസ് സി വിഭാഗക്കാർക്ക് കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. പൈപ്പ് ലൈൻ

സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ 24.2.21ലെ എ7- 5896/2015 വോള്യം 3 കത്ത് പ്രകാരം 600000രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുമുണ്ട്. ഈ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രകാരം തുക കൈമാറിയിരിക്കുന്നത്. എന്നാൽ കൈമാറിയ തുകയ്ക്കുള്ള രശീതി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നൽകിയ തുകയ്ക്കുള്ള രശീതി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 600000 തടസ്സത്തിൽ വെയ്ക്കുന്നു.

IV. ജലജീവൻ പ്രവർത്തനങ്ങൾക്ക് തുക കൈമാറൽ

പ്രോജക്ട് നം - 156/21

ബിൽ നം - 45/20-21/20.3.21 തുക 300000 ( വൗച്ചർ നം -22000960/15.3.21)

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. ജലജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം 700പേർക്ക് കുടിവെള്ള കണക്ഷൻ നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയിൽ 50% കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും, 10% ഗുണഭോക്തൃവിഹിതവുമാണ്. ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 25 % പദ്ധതി നടത്തിപ്പിനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യണം.

അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പിഎച്ച് സെക്ഷൻ ഗുരുവായൂരിന്റെ എസ്റ്റിമേറ്റ് പ്രകാരം ആകെ ചെലവ് വരുന്നത് 128.33ലക്ഷം രൂപയാണ്. ഇത് പ്രകാരം താഴെപ്പറയുന്ന വിധമാണ് തുക വകയിരുത്തേണ്ടത്.

കേന്ദ്ര വിഹിതം - 64.17 ലക്ഷം

സംസ്ഥാന വിഹിതം - 32.08 ലക്ഷം

പഞ്ചായത്ത് വിഹിതം - 19.25 ലക്ഷം

ഗുണഭോക്തൃ വിഹിതം - 12.83 ലക്ഷം

അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പിഎച്ച് സെക്ഷൻ ഗുരുവായൂരിന്റെ 5.11.20 ലെ കത്ത് നം. DB/JJM/GEN/2020 കത്ത് പ്രകാരം പഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി കണക്ഷൻ ലഭിക്കുന്ന ഓരോ ഗുണഭോക്താവിൽ നിന്നും 1832.86 രൂപ വീതം ഈടാക്കി അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ 690 പേരുടെ ഗുണഭോക്തൃലിസ്റ്റാണ് കാണുന്നത്. ആദ്യഘട്ടത്തിൽ 700പേർക്കാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

പഞ്ചായത്ത് വിഹിതമായി ഒരാൾക്ക് അടവാക്കേണ്ടുന്ന തുക 2750രൂപയാണ്. തൻവർഷം 300000 രൂപയാണ് പദ്ധതിയിൽ വകയിരുത്തി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു

1. 20-21 വർഷത്തിൽ കുടിവെള്ള കണക്ഷൻ നൽകിയവരുടെ വിവരങ്ങൾ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി ഗുരുവായൂർ സെക്ഷൻ നൽകിയ റിപ്പോർട്ടിൽ 305 പേർക്കാണ് കണക്ഷൻ അനുവദിച്ചിരിക്കുന്നത്.

2. നാളിതുവരെ 111 പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം നാളിതുവരെ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല.

3.പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടില്ല.

പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം ഓഡിറ്റിനെ അറിയി ക്കേണ്ടതുമാണ്.

## 1-22 വെള്ളക്കരം അടവാക്കൽ - കുടിശ്ശിക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് നം - 9/21

ബിൽ നം - 28/20-21/ 25.1.21 തുക 220500 ( വൗച്ചർ നം -22000746/19.1.21)

- 29/20-21/ 17.2.21 തുക 27500 ( വൗച്ചർ നം -22000760/28.1.21)

വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 168

ടാപ്പുകൾക്കാണ് പഞ്ചായത്തിൽ വെള്ളക്കരം അടവാക്കി വരുന്നത്. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരമുള്ള അതാത് മാസങ്ങളിലെ തുകയാണ് അടവാക്കിയിരിക്കുന്നത്

| മാസം | ബിൽ നം /തിയതി | തുക |
|---|---|---|
| 10/20 | 3786/19.10.20 | 73500 |
| 11/20 | 3832/20.11.20 | 73500 |
| 12/20 | 3880/20.12.20 | 73500 |
| 1/21 | 3929/20.1.21 | 57500 |

വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതു ടാപ്പുകളുടെ വിവരം സൂക്ഷിച്ചിട്ടില്ല.

2. പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് തന്നെയാണ് വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കുടിശ്ശിക സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4.തൻവർഷം വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് 588000 രൂപ ചെലവഴിച്ചിട്ടുണ്ട്.

5.20-21 വർഷത്തിൽ വെള്ളക്കരം ഇനത്തിൽ അടവാക്കാനുള്ള കുടിശ്ശികയുടെ വിവരം പലിശയും പിഴപ്പലിശയും ഉൾപ്പെടെ ലഭ്യമാക്കിയിട്ടില്ല ആയത് ലഭ്യമാക്കേണ്ടതും കുടിശ്ശിക അടവാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 1-23 എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ- മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല. തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് നം - 142/21
ബിൽ നം - 7/20-21/ 8.7.20 തുക 19350 ( വൗച്ചർ നം -22000246/12.6.20)

സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഫിറ്റ് വെൽ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. 2019-20 വർഷത്തിൽ 19 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. 20-21 വർഷത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട 6വിദ്യാർത്ഥികൾക്ക് കൂടി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ സ്കൂളുകളിൽ നിന്നുള്ള സാക്ഷ്യപത്രമോ, ജാതി തെളിയിക്കുന്ന രേഖകളോ ലഭ്യമാക്കിയിട്ടില്ല.

(1)അനന്യ സി എം, ചേനങ്ങാട് വീട്, ഒരുമനയൂർ, (2)ലെന, പീച്ചിലി ഹൗസ്, ഒരുമനയൂർ

2. ഗുണഭോക്താക്കൾ വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. പദ്ധതിയിൽ സിഡ്കോ മുഖേന വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിൽ ഭേദഗതി വരുത്തി ടെണ്ടർ മുഖേന എന്ന് തിരുത്തിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ടെങ്കിലും ഭേദഗതി വരുത്തിയ പദ്ധതി രൂപീകരണഫോറം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. വാങ്ങിയ ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്തത് പരിശോധിക്കുന്നതിനായി സ്റ്റോക്ക് രജിസ്റ്റർ പരിസോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. ഫർണ്ണിച്ചറുകൾ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന സബ്സിഡി മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുക 19350 /- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-24 തെരുവ് വിളക്ക് പരിപാലനം -തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി സൂക്ഷിക്കുന്നില്ല, സർക്കാർ നിർദ്ദേശം പാലിക്കപ്പെന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം - 80/21

ബിൽ നം - 38/16.3.21 തുക 164875 ( വൗച്ചർ നം -22001024/24.2.21)

43/20.3.21 തുക 152425 ( വൗച്ചർ നം -22000984/17.3.21)

51/31.3.21 തുക 32700 ( വൗച്ചർ നം -22001061/29.3.21)

അറ്റകുറ്റപണികൾക്കായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ എകെ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ് പ്രവൃത്തി നടത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല.

2. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരംതെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നും നിർദ്ദേശമുണ്ടെങ്കിലും അപ്രകാരം ഒരു പരാതി രജിസ്റ്റർ തൻവർഷം സൂക്ഷിച്ചതായി കാണുന്നില്ല.

3 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത കരാറുകാരൻ കേടുവന്ന വിളക്കുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

4. തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തി കാണുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക) ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ. (എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ,മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം .9/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം

പദ്ധതി നമ്പർ 6/20-21

പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്ധ്യഗസ്ഥൻ -മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

അടങ്കൽ 1,50,000

ചെലവ് 1,50,000

ട്രഷറി ബിൽ നംപർ 06/10-07-20

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം, പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെടിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് 1,50,000 രൂപ റസീറ്റ് നമ്പർ PRF4289 8-1-21 പ്രകാരം നൽകിയിട്ടുണ്ട്, എന്നാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽനാളിതുവരെയായി ടി മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3ന് ലഭ്യമാക്കിയ മറുപടി പ്രകാരം91294രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ലെന്നും 2021 ഡിസംബർ മാസത്തിൽതന്നെ ആയത് ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ടി കാര്യത്തിന് പ്രസ്തുത സ്ഥാപനത്തിന് ആവശ്യമായ ഓർമ്മ കുറിപ്പുകൾ നൽകി മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി- മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ പാലിക്കണം.

വി.ഇ.ഒ നടപ്പാക്കിയ വിവിധ ലൈഫ് ഭവന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമായി ജിയോടാഗ് ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കുന്ന ആയത് അഭിനന്ദനാർഹമാണ്. ടി പ്രവർത്തി തുടർന്നും വീഴ്ച കൂടാതെ തുടരേണ്ടതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിന്റെ തുടക്കത്തിലും പൂർത്തീകരണ ഘട്ടത്തിലും ജിയോടാഗിങ്ങ് ചെയ്യേണ്ടതാണ്. ഭവനം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മുമ്പിൽ നിന്നും എടുത്തിട്ടുള്ള ഫോട്ടോകൾ മൊബൈൽ ആപ്ലികേഷനിലൂടെ വേണം ജിയോടാഗ്ഗിങ്ങ് ചെയ്യേണ്ടത്. ഫൗണ്ടേഷൻ പൂർത്തിയാകുന്നതിന് മുമ്പായി ആദ്യ ഫോട്ടോ എം.ഐ.എസിലേക്ക് നിർവ്വഹണോദ്യോഗസ്ഥൻ അപ് ലോഡ് ചെയ്യേണ്ടതാണ്. നിർവഹണം പൂർത്തിയാകുമ്പോൾ അന്തിമ ഗഡു നൽകുന്നതിന് മുമ്പായി പൂർത്തീകരിച്ച ഭവനത്തിന് മുന്നിൽ ഗുണഭോക്താവിനെ നിർത്തി ഒരിക്കൽ കൂടി ജിയോടാഗ്ഗിങ്ങ് നടത്തേണ്ടതാണ്.

സ.ഉ (കൈ) നം. 137/2018/ത.സ്വ.ഭ.വ. തിയ്യതി. 24/9/18 പ്രകാരം ലൈഫ് മിഷൻ പദ്ധതിക്കായി ദേശീയ തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും സംയോജിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. എന്നാൽ അത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്നാണ് ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ലൈഫ് വിവിധ ഘട്ടങ്ങളിലായി ധാരാളം ഗുണഭോക്താക്കളുള്ള സാഹചര്യത്തിൽ ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണയൂണിറ്റുകൾ തുടങ്ങുന്നതിന്റെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

16-7-19 തിയ്യതിയിലെ സ.ഉ (എം.എസ്) നം.91/19 ത.സ്വ.ഭ.വ. പ്രകാരം ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭവന സമുച്ചയാധിഷ്ഠിത പുനരധിവാസത്തിന് മുൻഗണന നൽകേണ്ടതാണ്. ആവശ്യത്തിന് ഭൂമി ലഭ്യമല്ലായെന്നാണ് ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആവശ്യത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കപ്പെടേണ്ടതാണ്. പ്രത്യേകിച്ചും ദേശീയ പാത വികസനം മൂലം പഞ്ചായത്തിന്റെ നല്ലൊരു ഭാഗം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഭൂലഭ്യത ഇനിയും കുറയാനാണ് സാധ്യത കാണുന്നത്. ആയതിനാൽ ടി കാര്യത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയുണ്ടാവേണ്ടതാണ്.

## 1-28 പൊതുമരാമത്ത് പ്രവൃത്തികൾ- പൊതു വിവരങ്ങളും പൊതു അപാകതകളും.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വർഷത്തിൽ സുലേഖ പത്രിക പ്രകാരം 58പ്രോജക്ടുകൾക്ക് അംഗികാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 32പ്രോജകളുടെ ചെലവുകളാണ് തൻവർഷം നടന്നിട്ടുള്ളത്. 2020-21 വർഷത്തിൽ ആകെ അടങ്കൽ 17830815/ - രൂപയും ചെലവ് 7768735/ -രൂപയുമാണ്. 44% തുകയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.അംഗികാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2020-21വർഷത്തിൽ ചില പ്രോജക്ടുകളും സമയ ബന്ധിതമായി കരാർ വെയ്ക്കുകയോ കരാർ കാലയളവിൽ പ്രവ്യത്തി പൂർത്തികരിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് പൂർത്തികരണ സാക്ഷ്യപത്രം പല പ്രോജക്ട് ഫയലുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വിവിധ കാന നിർമ്മാണ പ്രവൃത്തികളിൽ നിന്നും കുഴിച്ചെടുത്ത മണ്ണ് എ.ഇ. ആയതിന്റെ മൂല്യം കണക്കാക്കി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.ആയത് ലേലത്തിൽ പോയതായി പരിശോധനയിൽ കണ്ടു. വിവിധ ടാറിംഗ് പ്രവൃത്തികൾക്കായി കരാർക്കാർ മുഖേന ടാർ വാങ്ങി പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ കാലി ടാർ വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല.പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.മേൽ സാഹചര്യത്തിൽ കാലി ടാർവീപ്പയുടെ വില ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക ബില്ലിൽ കുറവ് ചെയ്യേണ്ടതാണ്. ആയത് പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 13/23.11.21 നുള്ള മറുപടിയിൽ കരാർക്കാർ നേരിട്ട് സ്വന്തം ചെലവിൽ ടാർ വാങ്ങിയതിനാലാണ് കാലി ടാർ വീപ്പയുടെ വില ബില്ലിൽ കുറവ് ചെയ്യാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണ പൂർത്തീകരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ്

കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ കാണുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ ശരിയായി രീതിയിൽ എഴുതി പരിപാലിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിലെ കോളങ്ങൾ പൂർണ്ണമായും എഴുതി രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ എല്ലാ കോളങ്ങളും എഴുതി പൂർത്തീകരിച്ചിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ സമിതി, വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ ഉണ്ടാകേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | അംഗൻവാടി പോഷകാഹാര വിതരണം (പ്രൊജക്റ്റ് നമ്പർ - 2/21) | 96068 | 53932 |
| | 2020-21 | 700000 | ലൈഫ് ഭവനപദ്ധതി (പ്രൊജക്റ്റ് നമ്പർ - 30/21) | 0 | 700000 |
| | 2020-21 | 500000 | ലൈഫ് ഭവനപദ്ധതി (എസ്.സി.) (പ്രൊജക്റ്റ് നമ്പർ - 31/21) | 377000 | 123000 |
| | 2020-21 | 150000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രൊജക്റ്റ് നമ്പർ - 60/21) | 150000 | 0 |
| | 2020-21 | 247810 | ആശ്രയ ഭവന പുനരുദ്ധാരണം ധനസഹായം (പ്രൊജക്റ്റ് നമ്പർ - 74/21) | 0 | 247810 |
| | 2020-21 | 65250 | ആശ്രയ ഭവന പുനരുദ്ധാരണം ധനസഹായം | 0 | 65250 |

| | | | | | |
|---|---|---|---|---|---|
| | | | (പ്രൊജക്ട് നമ്പർ -98/21) | | |
| | 2020-21 | 50000 | ആശ്രയ ഭവന പുനരുദ്ധാരണം (പ്രൊജക്ട് നമ്പർ -140/21) | 50000 | 0 |
| | 2020-21 | 187030 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നമ്പർ - 145/21) | 0 | 187030 |
| | 2020-21 | 282500 | ലൈഫ് ഭവനപദ്ധതി (പ്രൊജക്ട് നമ്പർ - 148/21) | 137300 | 145200 |
| | 2020-21 | 20000 | സുഭിക്ഷകേരളം – തരിശ് ഭൂമി പച്ചക്കറി(പ്രൊജക്ട് നമ്പർ - 152/21) | 12000 | 8000 |
| | 2020-21 | 30000 | സുഭിക്ഷകേരളം – കിഴങ്ങ് (പ്രൊജക്ട് നമ്പർ - 154/21) | 6300 | 23700 |
| | 2020-21 | 1350000 | ലൈഫ് ഭവനപദ്ധതി എസ്.സി. (പ്രൊജക്ട് നമ്പർ - 168/21) | 0 | 1350000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | അംഗൻവാടി പോഷകാഹാര വിതരണം (പ്രൊജക്ട് നമ്പർ - 2/21) | 142194 | 7806 |
| | | 250000 | കെയർ (പ്രൊജക്ട് നമ്പർ - 4/21) | 250000 | 0 |
| | | 700000 | ലൈഫ് ഭവനപദ്ധതി (പ്രൊജക്ട് നമ്പർ - 30/21) | 0 | 700000 |
| | | 500000 | ലൈഫ് ഭവനപദ്ധതി എസ്.സി.(പ്രൊജക്ട് നമ്പർ - 31/21) | 0 | 500000 |
| | | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നമ്പർ - 59/21) | 0 | 200000 |
| | | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നമ്പർ - 60/21) | 33800 | 166200 |
| | | 150000 | ആശ്രയ ഭവന പുനരുദ്ധാരണം (പ്രൊജക്ട് നമ്പർ -74/21) | 47810 | 102190 |

| | | | | | |
|---|---|---|---|---|---|
| | | 500000 | മങ്ങോട്ട് അമ്പലത്താഴം (പ്രൊജക്ട് നമ്പർ -102/21) | 500000 | 0 |
| | | 165233 | പി.എച്ച്.സി.-മഹളറ റോഡ് (പ്രൊജക്ട് നമ്പർ -111/21) | 134598 | 635 |
| | | 369550 | മുത്തമാവ് – കാരാക്കടവ് റോഡ് (പ്രൊജക്ട് നമ്പർ -114/21) | 369448 | 102 |
| | | 50000 | ആശ്രയ ഭവന പുനരുദ്ധാരണം (പ്രൊജക്ട് നമ്പർ -140/21) | 0 | 50000 |
| | | 50000 | ശ്രവണ സഹായ ഉപകരണം നല്കൽ (പ്രൊജക്ട് നമ്പർ -146/21) | 0 | 50000 |
| | | 34000 | അംഗപരിമിതർക്കുള്ള വീൽചെയർ (പ്രൊജക്ട് നമ്പർ - 147/21) | 0 | 34000 |
| | | 500000 | ലൈഫ് ഭവനപദ്ധതി (പ്രൊജക്ട് നമ്പർ - 148/21) | 0 | 500000 |
| | | 245200 | ലൈഫ് ഭവനപദ്ധതി എസ്.സി.(പ്രൊജക്ട് നമ്പർ - 149/21) | 0 | 245200 |
| | | 40000 | സുഭിക്ഷകേരളം – തരിശ് ഭൂമി പച്ചക്കറി (പ്രൊജക്ട് നമ്പർ - 152/21) | 24000 | 16000 |
| | | 60000 | സുഭിക്ഷകേരളം – കിഴങ്ങ് (പ്രൊജക്ട് നമ്പർ - 154/21) | 9600 | 50400 |
| | | 340000 | കണ്ടുകടവ് പാലത്തിൽ (പ്രൊജക്ട് നമ്പർ - 155/21) | 270758 | 69242 |
| | | 1350000 | ലൈഫ് ഭവനപദ്ധതി എസ്.സി. (പ്രൊജക്ട് നമ്പർ - 168/21) | 0 | 1350000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ | മുൻകൂർ | ചെലവഴിച്ച | പൂർത്തികരിച്ച | ചെല |
|---|---|---|---|---|---|---|

| ഏജൻസി | പേര് | ചെക്ക് നം. | നൽകിയ തുക | തുക | വിവരം | വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| ANERT | പി എച്ച് സിയിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ | U000000851983128 | 726000 | 0 | പൂർത്തീക രിച്ചിട്ടില്ല | 726000 |
| KWA | പൊതുടാപ്പുകൾ വിച്ഛേദിക്കൽ | U000000851982564 | 30000 | 0 | പൂർത്തീക രിച്ചിട്ടില്ല | 30000 |
| KWA | മാങ്ങോട്ട് അമ്പലത്താഴം കുടിവെള്ള പദ്ധതി | U000000851986782<br>U000000851982562 | 500000<br>100000 | 0 | പൂർത്തീക രിച്ചിട്ടില്ല | 600000 |
| KWA | ജലജീവൻ മിഷൻ | U000000853329380 | 300000 | 0 | പൂർത്തീക രിച്ചിട്ടില്ല | 300000 |

തൻവർഷത്തെ വിവരങ്ങൾ മാത്രമാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയത് എന്നതിനാൽ വാർഷിക കണക്കുമായി കണക്ക് പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| Trichur Co-Operative Spinning Mills | 5000 | 093/5-7-01 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പതുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ലോണ് KURDFC | LF511/2018 Dt 02/01/2019 | | 431834 | 190158 | | 241676 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3(6) | 2009-10 | 3(6) | മൊബിലൈസേഷൻ അഡ്വാൻസ് നൽകി പ്രവർത്തി നടത്തിയിട്ടില്ല | 2004-2005 വർഷത്തിൽ 10- വാർഡിൽ SGRY പ്രവർത്തിയായ ചാത്തൻതറ റോഡ് നിർമ്മാണം മൊബൈലേസഷൻ അഡ്വാൻസ് നൽകിയ 25000 പൂർണ്ണമായും തിരികെ ഈടാക്കിയിട്ടുണ്ട്. രസീതിനമ്പർ 82/2162 തിയ്യതി.13/10 /2008, 4750രൂപ 70/2167, 4750രൂപ, തിയ്യതി.6/11/2008 , 61/2172 , 8/1/2009 , 4275 രൂപ , 82/41076 ,6/03/2006, 4750രൂപ, 51/41076 ,26/02/2009 ,4750രൂപ,11/41087 604/2009,1725 രൂപ |
| 2014-15<br>2016-17 | 2(1)<br>2(1) | 2016-17 | 2(1)<br>2(1) | 1)ഐ ഡി സി സ്കൂളിന്റെ 2-ാംഅർദ്ധവർഷ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇസ്ലാമിക് ഹയർ സെക്കണ്ടറി സ്കൂൾ – ആദ്യ അർദ്ധവർഷം ഈടാക്കിയിട്ടില്ല. 2)കാരയിൽ പ്ലാസ ഓഡിറ്റോറിയം ഒന്നും രണ്ടും | 1)ഐ ഡി സി സ്കൂളിന്റെ 2-ാംപാദ തൊഴിൽ നികുതി - 21900രൂപ, 11608101424 തിയ്യതി 16/12/16 യിൽ അടവാക്കിയിട്ടുണ്ട്. ഇസ്ലാമിക് ഹയർ സെക്കണ്ടറി സ്കൂൾ രസീത് നം. 11608100717തിയ്യതി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | അർദ്ധവർഷം ഈടാക്കിയിട്ടില്ല. 3)മണപ്പുറം ഫിനാൻസ് – സൗമ്യയുടെ ബാക്കിയുള്ള തൊഴിൽനികുതി 300/- രൂപ ഈടാക്കേണ്ടതാണ്. 4)ആള്ളക്കാരൻ ജ്വല്ലറി – ഡി & ഒ ലൈസൻസ് അടവാക്കാൻ ബാക്കിയുള്ള 300/- രൂപ ഈടാക്കേണ്ടതാണ്. 5) തൊഴിൽ നികുതി സ്ഥാപനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 01/09/16 യിൽ അടവാക്കിയിട്ടുണ്ട്. 2)കാരയിൽ പ്ലാസ ഓഡിറ്റോറിയം രസീത് നം. 11608100681 തിയ്യതി 30/08/16 യിൽ അടവാക്കിയിട്ടുണ്ട്. 3)മണപ്പുറം ഫിനാൻസ് – സൗമ്യയുടെ ബാക്കിയുള്ള തൊഴിൽനികുതി 300/- രൂപ രസീത് നം. 11608100762 തിയ്യതി 09/09/16 യിൽ അടവാക്കിയിട്ടുണ്ട്. 4)ആള്ളക്കാരൻ ജ്വല്ലറി – ഡി & ഒ ലൈസൻസ് അടവാക്കാൻ ബാക്കിയുള്ള 300/- രൂപ രസീത് നം. 11608100729 തിയ്യതി 03/09/16 യിൽ അടവാക്കിയിട്ടുണ്ട്. 5)തൊഴിൽ നികുതി സ്ഥാപനരജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,07,08,811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,08,42,071 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 709160 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-20 | 59810 | അനുപമ.എ.വി, സെക്രട്ടറി | ഉഷസ്സ്, മ്യൂസിയം ക്രോസ് ലെയിൻ, ചെമ്പൂക്കാവ്, തൃശ്ശൂർ – 680020 |
| 1-21(II) | 30000 | അനുപമ.എ.വി, സെക്രട്ടറി | ഉഷസ്സ്, മ്യൂസിയം ക്രോസ് ലെയിൻ, ചെമ്പൂക്കാവ്, തൃശ്ശൂർ – 680020 |
| 1-21 (III) | 600000 | അനുപമ.എ.വി, സെക്രട്ടറി | ഉഷസ്സ്, മ്യൂസിയം ക്രോസ് ലെയിൻ, ചെമ്പൂക്കാവ്, തൃശ്ശൂർ – 680020 |
| 1-23 | 19350 | അനുപമ എ.വി., സെക്രട്ടറി | ഉഷസ്സ്, മ്യൂസിയം ക്രോസ് ലെയിൻ, ചെമ്പൂക്കാവ്, തൃശ്ശൂർ – 680020 |
| ആകെ | 709160 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68, 80-81, 82-83, 83-84, 84-85, 85-86, 86-87, 87-88,88-89, 89-90, 90-91, 91-92, 92-93, 93-94, 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1314/11/14.07.11 |
| 96-97 | എൽ.എഫ്.ടി.13-564/98/12.10.98 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.17-1844/99/22.02.2000/ 29.05.2000 |
| 98-99 (ചെലവ്) | എൽ.എഫ്.ടി.13-733/01/27.06.02 /9.12.2007 |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.13-740/03/02.09.03 |
| 99-2000 (വരവ്) | എൽ.എഫ്.ടി.13-609/06/12.10.06/08.03.07 |
| 2000-01, 2001-02 പ്ളാൻ | എൽ.എഫ്.ടി.13-1540/03/20.02.04 |
| 97-98 (വരവ്) | എൽ.എഫ്.ടി.13-607/06/12.10.06/08.03.07 |
| 98-99 (വരവ്) | എൽ.എഫ്.ടി.13-608/08/12.10.06/08.03.07 |
| 2000-01 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-1520/07/24.06.08 |

| | |
|---|---|
| 2001-02 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2359/07/24.06.08 |
| 2002-03 പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2360/07/24.06.08 |
| 2003-04 വരവ്ചെലവ് | എൽ.എഫ്.ടി.13-1263/08/15.12.09 |
| 2004-05 | എൽ.എഫ്.ടി.13-1264/08/15.12.09 |
| 2005-06 | എൽ.എഫ്.ടി.13-650/09/18.09.10 |
| 2006-07 | എൽ.എഫ്.ടി.13-651/09/18.09.10 |
| 2007-08 | എൽ.എഫ്.ടി.13-1137/10/22.01.2011 |
| 2008-09 | എൽ.എഫ്.ടി.13-1138/10/22.01.11/07.05.11 |
| 2009-10 | എൽ.എഫ്.ടി.പി4-1078/12/27.09.12 /14.03.13 |
| 2010-11 | എൽ.എഫ്.ടി.പി4-1079/12/27.09.12 /14.03.13 |
| 2011-12 | എൽ.എഫ്.ടി.പി3-1434/13/13.01.2014/ 04.03.2014 |
| 2012-13 | എൽ.എഫ്.ടി.പി.8-571/14 തീ.4.11.2014/7.01.2015 |
| 2013-14 | കെ.എസ്.എടി.എസ്.അർ.പി.8-944/15 തി.20.07.2015/7.12.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1228/16 തി. 23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.8-32/17 തി. 6.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1405/17 തി. 17.10.17/18.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)-1719/2018 തീയതി: 04.12.2018 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി.6)1171/2020 തീയതി: 01.12.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി.6)1707/2021 , തീയതി.01.06.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്